9683
3/8/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- സംയോജിത ശിശു വികസന പദ്ധതി - 38 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ)നം.489/2015/സാനീവ തീയതി തിരുവനന്തപുരം. 01.08.2015

---

പരാമർശം: 1) 05.06.2015 തീയതിലെ സ.ഉ(സാധ)നം.332/2015/സാനീവ

2) സാമൂഹ്യനീതി ഡയറക്ടറുടെ 09.06.2015 ലെ ICDS/A7-755/15 നമ്പർ കത്ത്.

3) 24.06.2015 ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

6 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, അമ്മമാർ എന്നിവർക്കുള്ള സേവനം ഒരങ്കണവാടി മുഖേന നൽകുന്നതിനും വയോജനങ്ങൾക്ക് അവരുടെ അനുഭവങ്ങൾ യുവതലമുറയുമായി പങ്കുവെയ്ക്കുന്നതിനുമായി 2015-16 സാമ്പത്തിക വർഷത്തിലെ 4235-02-102-96(P) ശീർഷകത്തിൽ ലഭ്യമായ 10 കോടി രൂപയിൽ നിന്നും ഒരു അങ്കണവാടിക്ക് 13 ലക്ഷം രൂപ നിർമ്മാണ ചെലവിൽ 38 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 4,94,00,000/- രൂപ ചെലവഴിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. നിലവിൽ ടി ശീർഷകത്തിൽ 5,06,00,000/- രൂപ അവശേഷിക്കുന്നുണ്ടെന്നും ആയതിൽ നിന്നും ഒരങ്കണവാടിയിക്ക് 13 ലക്ഷം രൂപ നിർമ്മാണ ചെലവിൽ ആകെ 4,94,00,000/- രൂപ വിനിയോഗിച്ച് 38 അങ്കണവാടി കെട്ടിടങ്ങൾ കൂടി നിർമ്മിക്കുന്നതിന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

(2) 24.06.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു അങ്കണവാടിക്ക് 13 ലക്ഷം രൂപ നിർമ്മാണ ചെലവിൽ 38 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയും ഇതിനായി നടപ്പ് സാമ്പത്തിക വർഷത്തെ 4235-02-102-96(P) ശീർഷകത്തിൽ അവശേഷിക്കുന്ന 5,06,00,000/- രൂപയിൽ നിന്ന് 4,94,00,000/- രൂപ (നാല് കോടി തൊണ്ണൂറ്റി നാലു ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എ.ഷാജഹാൻ,**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ